പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2496 **27-10-2026-ൽ മറുപടിയ്ക്ക്**

പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. പി. സുമോദ് ശ്രീ. എം. ലിജു
(സഹകരണ-എക്സൈസ് വകുപ്പ് മന്ത്രി)

(എ) പ്രാഥമിക കാർഷിക വായ്പാ സഹകരണസംഘങ്ങളെ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അവ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

മറുപടി: പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ ഉൾപ്പടെയുള്ള എല്ലാ സഹകരണ സംഘങ്ങളെയും കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ചിട്ടുള്ള പ്രധാന നടപടികൾ ഇവയാണ്

1) വിശ്വാസ് പദ്ധതി

സഹകരണ സംഘങ്ങളിൽ നിക്ഷേപങ്ങൾ തിരികെ നൽകുന്നതുമായി ബന്ധപ്പെട്ട് ഉള്ള പ്രതിസന്ധികൾക്ക് പരിഹാരം കാണുന്നതിനും നിക്ഷേപകരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനും സഹകരണ മേഖലയുടെ വിശ്വാസ്യത കാത്തു സൂക്ഷിക്കുന്നതിനുമായി "വിശ്വാസ്" എന്ന പേരിൽ ഒരു നിക്ഷേപ സുരക്ഷാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ട്.

ഇതിന്റെ ഭാഗമായി, ജില്ലാ തലത്തിൽ നിക്ഷേപകർക്ക് പണം തിരികെ നൽകാനാകാതെ പ്രതിസന്ധി നേരിടുന്ന 450 സഹകരണ സംഘങ്ങളുടെ കൃത്യമായ വിവരങ്ങൾ അതിനുള്ള കാരണങ്ങളുടെ അടിസ്ഥാനത്തിൽ വിവിധ വിഭാഗങ്ങളായി തരംതിരിച്ച് ശേഖരിച്ചിട്ടുണ്ട്. കൂടാതെ, നിക്ഷേപ ഗ്യാരന്റി പദ്ധതിയിൽ ചേരാതെ മാറി നിൽക്കുന്ന മുഴുവൻ സംഘങ്ങളേയും നിക്ഷേപ ഗ്യാരന്റി പദ്ധതിയുടെ ഭാഗമാക്കിക്കൊണ്ട് എല്ലാ നിക്ഷേപങ്ങൾക്കും പൂർണ്ണ സുരക്ഷ ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

2) കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം, 2018

സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിലൂടെ നിക്ഷേപകരിൽ ആത്മവിശ്വാസം വളർത്തുന്നതിനും കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനുമായാണ് 'കേരള സഹകരണ നിക്ഷേപ ഗ്യാരന്റി സ്കീം, രൂപീകരിച്ചിട്ടുള്ളത്. 1969-ലെ കേരള സഹകരണ സംഘം നിയമപ്രകാരം രജിസ്റ്റർ ചെയ്ത പ്രവർത്തിക്കുന്നതും പ്രസ്തുത സ്കീമിൽ അംഗങ്ങളായതുമായ സംഘങ്ങൾ ലിക്വിഡേഷനിലാവുന്ന സാഹചര്യത്തിൽ, നിക്ഷേപകർക്ക് കേരള സഹകരണ നിക്ഷേപ ഗ്യാരന്റി ഫണ്ടിൽ നിന്നും പരമാവധി 5 ലക്ഷം രൂപ വരെ നൽകുന്നു.

നിക്ഷേപകൻ അധിക വിഹിതം അടയ്ക്കുന്ന പക്ഷം, ക്ലെയിം തുക പരമാവധി 10 ലക്ഷം രൂപവരെ നൽകുന്നതിനും നിക്ഷേപ ഗ്യാരന്റി പദ്ധതിയിൽ വ്യവസ്ഥയുണ്ട്.

ലിക്വിഡേഷനിൽ ഉൾപ്പെടുന്ന സംഘങ്ങൾക്ക് പുറമെ, അഴിമതി, സാമ്പത്തിക ക്രമക്കേട്, പണാപഹരണം എന്നിവ മൂലമല്ലാതെ മറ്റ് കാരണങ്ങളാൽ സാമ്പത്തിക പ്രതിസന്ധിയിലായതും എന്നാൽ ലിക്വിഡേഷനിൽ ഉൾപ്പെടാത്തതുമായ സംഘങ്ങൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കത്തക്ക വിധത്തിൽ നിക്ഷേപ ഗ്യാരന്റി പദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3) കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി 2008.

സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക/കാർഷികേതര ആവശ്യങ്ങൾക്കായി (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെ) വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിക്കുള്ളിൽ മരണപ്പെടുകയാണെങ്കിൽ, അന്നേദിവസം ബാക്കിനിൽക്കുന്ന ബാധ്യതയിൽ നിന്നും അവരെ ഒഴിവാക്കുന്നതിനായി നടപ്പിലാക്കുന്ന ഒരു സ്വാശ്രയ പദ്ധതിയാണ് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി .

മാരകരോഗം ബാധിച്ചവർക്കടക്കം ആറ് മാസത്തിൽ അധികരിച്ച് തിരിച്ചടവിൽ കുടിശ്ശിക വന്നാൽ ആനുകൂല്യം നിക്ഷേധിക്കുന്ന തരത്തിലുള്ള വ്യവസ്ഥകൾ ഒഴിവാക്കി കൊണ്ട് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി ഭേദഗതികൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

4) സഹകരണ വിജിലൻസ്

സഹകരണ സംഘങ്ങളിലെ, അഴിമതി,സാമ്പത്തിക ക്രമക്കേടുകൾ എന്നിവ സംബന്ധിച്ച് രജിസ്ട്രാർ ആവശ്യപ്പെടുന്ന കാര്യങ്ങൾ അന്വേഷിക്കുന്നതിനായി സഹകരണ വകുപ്പിൽ സൂപ്രണ്ട് ഓഫ് പോലീസിന്റെ നേതൃത്വത്തിൽ വിജിലൻസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. .

സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ അഴിമതിരഹിതവും സുതാര്യമാക്കുന്നതിനും, വിജിലൻസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, , അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സഹകരണ വിജിലൻസിന്റെ മൂന്ന് മേഖലാ ഓഫീസുകൾക്കുമായി മൂന്ന് പുതിയ വാഹനങ്ങൾ അനുവദിച്ചിട്ടുണ്ട്.

5) കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം, 2025

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നതോ അടിയന്തര സാഹചര്യങ്ങൾ മൂലം പ്രവർത്തനമാന്ദ്യം നേരിടുന്നതോ ആയ സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനും അവയുടെ പ്രവർത്തനക്ഷമത വീണ്ടെടുക്കുന്നതിനുമായി സാമ്പത്തിക സഹായം നൽകുക എന്ന ലക്ഷ്യത്തോടുകൂടി നടപ്പിലാക്കിയ പദ്ധതിയാണ് കേരള സഹകരണ പുനരുദ്ധാരണ ഫണ്ട് സ്കീം, 2025. പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം കൂടുതൽ സഹകരണ സംഘങ്ങൾക്ക് കൂടി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടുകൂടി, പദ്ധതി വ്യവസ്ഥകളിൽ ആവശ്യമായ ഭേദഗതികൾ വരുത്തുന്നതിനുള്ള സമഗ്രമായ പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

6) ആശ്വാസ് 2026

സഹകരണ സംഘങ്ങളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശികക്കാരായ വായ്പക്കാർക്ക് ആശ്വാസം നൽകുന്നതിനായി 2026 ജൂൺ 1 മുതൽ സെപ്റ്റംബർ 30 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി “ആശ്വാസ് 2026” എന്ന പദ്ധതി ആവിഷ്കരിച്ചിരുന്നു. ടി പദ്ധതി പ്രകാരം പദ്ധതി കാലയളവിൽ ജപ്തി ,ലേല നടപടികൾ ഒഴിവാക്കിയും,ഗുരുതര രോഗങ്ങൾ പിടിപെട്ട് ചികിത്സയിൽ കഴിയുന്നവർ,ഗുരുതര

രോഗം പിടിപ്പെട്ടവർ കുടുംബാംഗങ്ങൾ ആയിട്ടുള്ളവർ സാമ്പത്തികമായി വളരെ പിന്നോക്കം നിൽക്കുന്നവർ ,മരണപ്പെട്ടവർ, അതിദരിദ്രർ വിഭാഗങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവർ എന്നിങ്ങനെ വിവിധ വിഭാഗത്തിൽപെട്ടിട്ടുള്ളവർക്ക് പിഴപലിശ പൂർണ്ണമായും ഒഴിവാക്കി കൊണ്ടും, പലിശയിൽ 50% വരെ ഇളവുകൾ നൽകി കൊണ്ടും വായ്പ കണക്ക് അവസാനിപ്പിക്കുവാനുള്ള അവസരം നൽകിയിട്ടുണ്ട്. കൂടാതെ സെപ്റ്റംബർ മാസം 30 വരെ ലഭിച്ച അപേക്ഷയിൽ ഇളവിന് ശേഷം അടയ്ക്കേണ്ട തുക ഒക്ടോബർ 31 വരെയും അടയ്ക്കുവാനുള്ള സമയം നൽകിയട്ടുണ്ട്.

7) എം ആർ എഫ് ഫണ്ട് പോർട്ടൽ

കേരളത്തിലെ സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് ആശ്വാസമേകിക്കൊണ്ട് നടപ്പാക്കുന്ന പദ്ധതിയാണ് കേരള സഹകരണ അംഗ സമാശ്വാസ നിധി പദ്ധതി (മെമ്പർ റീലീഫ് ഫണ്ട്) .ടി പദ്ധതി ഓൺലൈനാക്കുന്നത് സർക്കാരിന്റെ സജീവ പരിഗണനയിലാണ്. സഹകാരികൾക്ക് ഈ പദ്ധതി പ്രകാരം ധനസഹായത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനും, അപേക്ഷകൾ വേഗത്തിൽ സംസ്ഥാന ഉന്നതതല കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനും, സംവിധാനം ഒരുക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

ഇതുവഴി, അപേക്ഷകർക്ക് സ്വന്തമായോ, അക്ഷയ സെന്ററുകൾ വഴിയോ വെബ് പോർട്ടലിലൂടെ അപേക്ഷ സമർപ്പിക്കുവാനും, സമർപ്പിച്ച അപേക്ഷയുടെ നിലവിലെ സ്ഥിതി അറിയുവാനും സാധിക്കും.

ധനസഹായം ബാങ്ക് അക്കൗണ്ടിലൂടെ നേരിട്ട് സ്വീകരിക്കുവാനും അപേക്ഷ നൽകൽ പ്രക്രിയയുടെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പ് വരുത്തി സഹകരണ മേഖലയിലെ അംഗങ്ങൾക്ക് വേഗത്തിൽ ധനസഹായം ലഭിക്കാൻ സഹായകമാവും.

8) റിസ്ക് ഫണ്ട് പോർട്ടൽ

കേരള സഹകരണ നിയമപ്രകാരം രജിസ്റ്റർ ചെയ്ത പ്രവർത്തിക്കുന്ന വിവിധ വായ്പാ സഹകരണ സംഘങ്ങളിൽ നിന്നും കാർഷിക, കാർഷികേതര (സ്വർണ്ണപ്പണയ വായ്പയും നിക്ഷേപ വായ്പയും ഒഴികെയുള്ളവ) ആവശ്യങ്ങൾക്ക് വായ്പയെടുക്കുന്ന അംഗങ്ങൾ വായ്പാ കാലാവധിയിലോ വായ്പാകാലാവധി കഴിഞ്ഞ് ആറ് മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ അന്നേദിവസം ബാക്കി നിൽക്കുന്ന വായ്പാ ബാദ്ധ്യതയിൽ നിന്ന് അവരെ ഒഴിവാക്കുന്നതിനുവേണ്ടി നടപ്പിലാക്കുന്ന ഒരു സ്വാശ്രയ പദ്ധതിയാണ് കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി . **30.03.2012** തീയതി മുതൽ വായ്പ എടുത്തതിനുശേഷം, വായ്പാക്കാരന് ടി സ്കീമിൽ പരാമർശിച്ചിട്ടുള്ള ഗുരുതര രോഗം ബാധിക്കുകയാണെങ്കിൽ പരമാവധി 125000/- രൂപ വരെ ചികിൽസാ ധനസഹായമായി അനുവദിക്കുന്നു.

റിസ്ക് ഫണ്ട് ധനസഹായ അപേക്ഷ തീർപ്പാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കി അപേക്ഷകർക്ക് സമയബന്ധിതമായി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി അപേക്ഷ സ്വീകരിക്കുന്നതു മുതൽ ധനസഹായം അനുവദിക്കുന്നതു വരെയുള്ള നടപടിക്രമങ്ങൾ പൂർണ്ണമായും ഓൺലൈൻ സംവിധാനം ആക്കുന്നതിനുള്ള പുതിയ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

9) ഏകീകൃത സോഫ്റ്റ് വെയർ

സംസ്ഥാനത്തെ സഹകരണ മേഖലയുടെ വൈവിധ്യങ്ങളായ പ്രവർത്തനങ്ങൾ പരിഗണിച്ചുകൊണ്ട് സംസ്ഥാന സർക്കാർ സ്വന്തം നിലയിൽ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ യൂണിഫോം സോഫ്റ്റ് വെയർ സംവിധാനം നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ സഹകരണ മേഖലയുടെ സുതാര്യത,

കാര്യക്ഷമത, വിശ്വാസ്യത എന്നിവ വർദ്ധിക്കുകയും, ബാങ്കിംഗ് സേവനങ്ങൾ ജനങ്ങൾക്ക് കൂടുതൽ വേഗത്തിലും സുരക്ഷിതമായും ലഭ്യമാക്കാൻ സാധിക്കുകയും ചെയ്യും.

10) ടീം ഓഡിറ്റ് സംവിധാനം സംഘങ്ങളിലെ പരിശോധന സാങ്കേതിക വിദ്യയുടെ സഹായത്തോടെ കൂടുതൽ കാര്യക്ഷമം ആക്കുകയും ഓഡിറ്റ് സംവിധാനം ശക്തിപ്പെടുത്തുന്നതിലെക്ക് ടീം ഓഡിറ്റ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളുടെ ഭരണസമിതികളുടെ പ്രവർത്തനങ്ങളിൽ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിനായി, 1969-ലെ കേരള സഹകരണ സംഘം നിയമത്തിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുണ്ടെന്ന് ആകസ്മിക പരിശോധനകളിലൂടെയും (Surprise Inspections) വിപുലമായ പരിശോധനകളിലൂടെയും ഉറപ്പുവരുത്തി വരുന്നുണ്ട്.

സഹകരണ സ്ഥാപനങ്ങളിലെ സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിനായി ഓഡിറ്റ് പരിശോധനകൾ കൃത്യസമയത്ത് പൂർത്തിയാക്കുന്നതിനും, ഭരണപരമായ നടത്തിപ്പിൽ സുദ്ഢമായ ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ (Internal Controls) പ്രാവർത്തികമാക്കുന്നതിനും വകുപ്പുതല നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

പ്രസ്തുത നിയമത്തിനും ചട്ടങ്ങൾക്കും വിരുദ്ധമായി പ്രവർത്തിക്കുകയോ സാമ്പത്തിക ക്രമക്കേടുകൾ നടത്തുകയോ ചെയ്യുന്ന ഭരണസമിതികൾക്കും ഉദ്യോഗസ്ഥർക്കുമെതിരെ കേരള സഹകരണ സംഘം നിയമത്തിലെ വകുപ്പുകൾ പ്രകാരം ശക്തമായ ഭരണപരമായ അന്വേഷണങ്ങളും തുടർന്നുള്ള നിയമനടപടികളും കൃത്യമായി സ്വീകരിച്ചുവരുന്നുണ്ട്.

വകുപ്പ് തല പരിശോധനകളും അന്വേഷണങ്ങളും സമയബന്ധിതമായി പൂർത്തീകരിക്കുവാൻ മേൽ നോട്ടം വഹിക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാറുടെ കാര്യാലയത്തിൽ പ്രത്യേക സർച്ചാർജ് മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ട്.

2026-2027 സാമ്പത്തിക വർഷത്തെ പ്രാഥമിക സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. കാർഷികവായ്പ സഹകരണ സംഘങ്ങൾ /ബാങ്കുകൾ ഇവയ്ക്കുള്ള ധനസഹായം
2. പ്രാഥമിക ഭവന നിർമ്മാണ സഹകരണ സംഘങ്ങൾക്കുള്ള ഓഹരി മൂലധന സഹായം
3. സാങ്കേതിക വിദ്യാധിഷ്ഠിതമായ കൃഷിക്കായുള്ള ധനസഹായം
4. സഹകരണ സ്ഥാപനങ്ങളുടെ വിപുലീകരണത്തിനും വൈവിധ്യവത്ക്കരണത്തിനുമുള്ള ധനസഹായം
5. 100% ഊർജ്ജ സ്വയം പര്യാപ്ത ഗ്രാമങ്ങൾ
6. നിക്ഷേപ ഗ്യാരന്റി ഫണ്ട് ബോർഡിന് ധനസഹായം
7. സഹകരണ മേഖലയിൽ പി.സി.പി മാതൃക പദ്ധതികൾ ആരംഭിക്കുന്നതിനുള്ള ധനസഹായം

സെക്ഷൻ ഓഫീസർ